# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2685** **12.02.2019 ലെ മറുപടി**

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കടൽ ഭിത്തി നിർമ്മാണം

**ചോദ്യം**

**ശ്രീ.ടി.വി.രാജേഷ് :**

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ തകർന്ന കടൽ ഭിത്തികൾ പുനർനിർമ്മിക്കുന്നതിനും പുതിയ കടൽ ഭിത്തികൾ നിർമ്മിക്കുന്നതിനും എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; ഭരണാനുമതി ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ കേടുപാടുകൾ സംഭവിച്ച കടൽഭിത്തി പുനർനിർമ്മിക്കുന്നതിന് 9.46 കോടി രൂപയുടെ 4 എസ്റ്റിമേറ്റുകൾ സർക്കാർ പരിശോധിച്ച് വരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1. എ.എസ്.ഇ വർക്ക് - മാട്ടൂൽ ഗ്രാമ പഞ്ചായത്തിൽ നീരൊഴുക്കുംചാലിൽ സി.പി സ്റ്റോൺ 2392 നും 2395- നുമിടയിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണം നീളം 480 മീറ്റർ - 231 ലക്ഷം
2. എ.എസ്.ഇ വർക്ക് - മാട്ടൂൽ ഗ്രാമ പഞ്ചായത്തിൽ കക്കാടൻചാലിൽ സി.പി സ്റ്റോൺ 2389 നും 2392- നുമിടയിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണം. നീളം 490 മീറ്റർ - 232 ലക്ഷം
3. എ.എസ്.ഇ വർക്ക് - മാട്ടൂൽ ഗ്രാമ പഞ്ചായത്തിൽ വാവുവളപ്പിൽ തോട് സി.പി സ്റ്റോൺ 2387 നും 2390- നുമിടയിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണം. നീളം 500 മീറ്റർ - 234ലക്ഷം
4. എ.എസ്.ഇ വർക്ക്- മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ മാട്ടൂൽ സൗത്തിൽ സി.പി സ്റ്റോൺ 2359-ന് തെക്ക് ഭാഗം തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി. നീളം 545 മീറ്റർ - 249ലക്ഷം

ആകെ - 946 ലക്ഷം

**സെക്ഷൻ ഓഫീസർ**